# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3077 | 13/07/2015 ൽ മറുപടിക്ക് |
|---|---|

### കൈക്കൂലിക്കേസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോവർഷവും കൈക്കൂലിക്കേസ്സുകളിൽ പിടിക്കപ്പെട്ട പോലീസ്, വനം, എക്സൈസ്, റവന്യൂ ഉദ്യോഗസ്ഥർ ആരെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | ഈ സർക്കാരിന്റെ കാലയളവിൽ കൈക്കൂലി കേസുകളിൽ പിടിക്കപ്പെട്ട പോലീസ്, വനം, എക്സൈസ്, റവന്യൂ ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ, പിടിച്ചെടുത്ത പണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു. ഇതിൽ ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ ആരും ഇല്ല. |
| (ബി) | ഇവരിൽ ഉന്നത ഉദ്യോഗസ്ഥർ, ഐ.എഫ്.എസ്, ഐ.എ.എസ്, ഐ.പി.എസ് ഉൾപ്പെടെ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും , വിജിലൻസ് പിടികൂടിയവരിൽ ശിക്ഷിക്കപ്പെട്ടവർ ആരെല്ലാം എന്നും, എത്രപേരുടെ പേരിൽ നിലവിൽ കോടതികളിൽ കേസ്സുകൾ നിലനിൽക്കുന്നു എന്നും വ്യക്തമാക്കുമോ ; | | |
| (സി) | വിജിലൻസ് വകുപ്പ് ഇവരിൽ നിന്നും പിടിച്ചെടുത്ത പണം എത്ര ; ജില്ല, വകുപ്പ് ഇവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | | |
| (ഡി) | ഈ സർക്കാർ കാലയളവിൽ അഴിമതിക്കേസ്സുകളിൽ ഉൾപ്പെട്ട മന്ത്രിമാർ /പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ആരെല്ലാം; എത്രപേർ ഇതിൽ നിന്ന് കുറ്റവിമുക്തരായി ; എത്രപേരുടെ പേരിൽ നിലവിൽ അന്വേഷണവും കേസ്സുകളും കോടതികളിലുണ്ട് ; അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ഈ മന്ത്രിസഭ നിലവിൽ വന്ന ശേഷമുള്ള മന്ത്രിസഭാംഗങ്ങളിൽ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.<br>1)<u>ശ്രീ.പി.ജെ.ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)</u><br><u>2) ശ്രീ.കെ.എം.മാണി. (ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി)</u><br><u>1) ശ്രീ.പി.ജെ.ജോസഫ്</u><br>ശ്രീ.പി.ജെ.ജോസഫ് 1997-ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കിജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നല്കുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി.5/2012/ഇ.ആർ.കെ., വി.സി.6/2012/ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരുന്ന രണ്ട് കേസുകളും സ്റ്റേ പിൻവലിച്ചു. ഇപ്പോൾ അന്വേഷണം പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ശ്രീ.പി.ജെ.ജോസഫ് ജലവിഭവ വകുപ്പ് മന്ത്രി ആയിരിക്കെ ശ്രീ.വി.പി.ജോസ് (കൊരട്ടി), ചാലക്കുടി) എന്ന സ്വകാര്യ വ്യക്തിയ്ക്ക്, നിലവിലുള്ള ഉത്തരവുകൾ മറികടന്ന് അനധികൃതമായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് വാട്ടർ കണക്ഷൻ കൊടുക്കുവാൻ നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ട് വി.സി. 07/2013/റ്റി.എസ്.ആർ എന്ന നമ്പരിൽ ഒരു വിജിലൻസ് കേസു കൂടി നിലവിലുണ്ട്. പ്രസ്തുത വിജിലൻസ് കേസിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>2) ശ്രീ.കെ.എം.മാണി. (ബഹു. ധനകാര്യ വകുപ്പ് മന്ത്രി )<br>ബാർ കോഴയുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.മാണി ശ്രീ.ബിജു രമേശ് എന്ന ബാറുടമയിൽ നിന്നും ഒരു കോടി രൂപ കൈക്കൂലി വാങ്ങി എന്ന ആരോപണത്തിൻ മേൽ വി.സി.06/2014/എസ്.ഐ.യു. I എന്ന നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്